ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതി ലഭിച്ചാൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് സംവിധാനം പര്യാപ്തമാണ്.

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും സ്കാനിംഗ് സെന്ററുകളുടെയും ദല്ലാളൻമാരായി പ്രവർത്തിക്കുന്ന ജീവനക്കാരുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്.

(ഡി) നിലവിലുള്ള വിജിലൻസ് സംവിധാനം ഇതിന് പര്യാപ്തമാണ്.

പൊതു സ്ഥലംമാറ്റം

55 (6208) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ പൊതുസ്ഥലംമാറ്റം ആരോഗ്യവകുപ്പിൽ ഏതൊക്കെ തസ്തികകളിൽ നടപ്പിലാക്കി ;

(ബി) 2010-ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എത്ര ഹൈക്കോടതി ഇടപെടലുകളാണ് നടന്നിട്ടുള്ളത് ; ഏതൊക്കെ തസ്തികകളിൽ ;

(സി) ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് പൊതുസ്ഥലംമാറ്റത്തിൽ നിന്ന് ഏതെങ്കിലും തസ്തികയെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) 2010-ൽ ഇനിയും സ്ഥലം മാറ്റം നടപ്പിൽ വരുത്തിയിട്ടില്ലാത്ത തസ്തികകൾ ഏതൊക്കെ ; ഈ തസ്തികകളിൽ സ്ഥലംമാറ്റം ഈ വർഷം നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഡി.എം.ഇ.യുടെ കീഴിൽ നിന്നും ഡി.എച്ച്.എസ്-ലേയ്ക്ക് മാറ്റി നിയമിച്ച ജീവനക്കാരുടെ എണ്ണം

56 (6209) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഡി. എം. ഇ. യുടെ കീഴിൽ നിന്നും ഡി. എച്ച് .എസ്. ലേയ്ക്ക് മാറ്റി നിയമിച്ച ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണമെത്രയാണ് ; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇനിയും എത്ര ജീവനക്കാരെ ഇപ്രകാരം മാറ്റി നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരമുള്ള മാറ്റി നിയമിക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് ; ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ യെന്ത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കേസുകളോടനുബന്ധിച്ച് കോടതിയിൽ നൽകിയിട്ടുള്ള സത്യവാങ്മൂലങ്ങൾക്ക് അനുസൃതമായി ഭരണപരമായ നടപടി ക്രമങ്ങൾ ക്രമീകരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) & (ബി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തുവരുന്ന ഡി.എച്ച്.എസ്-ന്റെ ജീവനക്കാർ തിരിച്ച് ഡി.എച്ച്.എസ്-ന്റെ സ്ഥാപനങ്ങളിലേയ്ക്ക് വരുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രക്രിയ പൂർത്തിയാ യാൽ മാത്രമേ തസ്തിക തിരിച്ചുള്ള വിശദാംശം ശേഖരിക്കുവാൻ നിവൃത്തിയുള്ളു.

(സി) സ്റ്റാഫ് നേഴ്സ് തസ്തികയിൽ നിലവിൽ 8 കേസ്സുകൾ ജീവനക്കാ രുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. ഇവയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകൾ സർക്കാർ പാലിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സത്യപ്രസ്താവന കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്തിമ വിധിക്കായി കാത്തിരിക്കുകയാണ്.

(ഡി) കേസ്സുകളോടനുബന്ധിച്ച് കോടതിയിൽ സമർപ്പിച്ചിട്ടുള്ള സത്യപ്രസ്താവനകൾക്കനുസൃതമായി ഭരണപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

നഴ്സിംഗ് ട്യൂട്ടർമാരുടെ ഒഴിവുകൾ

57 (6211) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് കോളേജുകളിൽ ട്യൂട്ടർമാരുടെ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര സ്റ്റാഫ് നഴ്സുമാർ ഡെപ്യൂട്ടേഷനിൽ നഴ്സിംഗ് ട്യൂട്ടർ മാരായി ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ വർഷങ്ങളായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ട്യൂട്ടർ മാരായി പ്രവർത്തിക്കുന്നവരെ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിച്ചി ട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly